പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5425 — 23.05.2017 ൽ മറുപടിക്ക്

# ബോട്ട് സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജല ഗതാഗത വകുപ്പ് എത്ര ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ട്; | (എ) ജല ഗതാഗത വകുപ്പ് 52 ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ട്. |
| (ബി) അവ ഏതെല്ലാം ജെട്ടികളിൽ നിന്നാണെന്നും ഓരോന്നും ലാഭത്തിലാണോ നഷ്ടത്തിലാണോ എന്നും വ്യക്തമാക്കുമോ; | (ബി) വകുപ്പിന്റെ കീഴിലുള്ള 14 സ്റ്റേഷനോഫീസുകൾ കേന്ദ്രീകരിച്ച് സർവ്വീസുകൾ നടത്തി വരുന്നു. |

| ക്രമ നം. | സ്റ്റേഷന്റെ പേര് | ഷെഡ്യൂളുകളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 7 |
| 2 | കോട്ടയം | 2 |
| 3 | പുളിങ്കുന്ന് | 3 |
| 4 | നെടുമുടി | 4 |
| 5 | എടത്വാ | 2 |
| 6 | കൊല്ലം | 4 |
| 7 | കാവാലം | 3 |
| 8 | ചങ്ങനാശ്ശേരി | 2 |
| 9 | മുഹമ്മ | 3 |
| 10 | പാണാവള്ളി | 6 |
| 11 | എറണാകുളം | 9 |
| 12 | വൈക്കം | 4 |
| 13 | പയ്യന്നൂർ | 2 |
| 14 | പറശ്ശിനിക്കടവ് | 1 |
| | ആകെ | 52 |

വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നതും മറ്റ് ഗതാഗത മാർഗ്ഗങ്ങളൊന്നുമില്ലാത്തതുമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുറം ലോകവുമായി ബന്ധപ്പെടുത്തുന്നതിന് ചെലവ് കുറഞ്ഞ യാത്രാ മാർഗ്ഗവുമായ വകുപ്പിന്റെ സർവ്വീസുകൾ ലാഭം പ്രതീക്ഷിക്കാതെ നടത്തുന്നുണ്ട്.

| | |
|---|---|
| (സി) പുതുതായി എത്ര ബോട്ടുകളാണ് വകുപ്പ് വാങ്ങിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) ഇൻഡ്യയിൽ ആദ്യമായി സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സോളാർ ബോട്ട് പണി കഴിപ്പിച്ച് നീറ്റിലിറക്കി. 5 റെസ്ക്യൂ ബോട്ടുകൾ, 2 പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ബോട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ആധുനിക രീതിയിലുള്ള 14 കറ്റാമറൈൻ, സിംഗിൾ ഹൾ വെസ്സൽ എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആയതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വാട്ടർ ടാക്സി, ക്രൂയിസ് വെസ്സൽ, സീ - അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസ്റ്റ് വെസ്സൽ എന്നിവയ്ക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ജല ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ജല ഗതാഗത വകുപ്പിന്റെ പദ്ധതികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ; | (ഡി) ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ - കുട്ടനാട്, ആലപ്പുഴ — കൊല്ലം, കൊല്ലം - ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തി വരുന്നു. ഇതിനു പുറമെ വൈക്കം - എറണാകുളം, കുമരകം - കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകി വരുന്നു. കൊല്ലം മേഖലയിൽ സീ - അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയിസ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻഡ്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. |

(ഇ) റോഡിലെ തിരക്കും അപകടങ്ങളും കുറയ്ക്കുന്നതിനും ചരക്ക് നീക്കം ജലമാർഗ്ഗമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കുമോ?

(ഇ) റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തി വരുന്നു. വകുപ്പിന്റെ വൈക്കം - തവണക്കടവ്, ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി, വൈറ്റില – കാക്കനാട് എന്നീ സർവ്വീസുകൾ ഇതിനുദാഹരണങ്ങളാണ്. കര മാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം - തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമെ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൾ ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് വകുപ്പ് നടത്തി വരുന്നു. ഫോർട്ട് കൊച്ചി - വൈപ്പിൻ - മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാ ക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് വകുപ്പിന്റെ സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില – കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയം കൊണ്ട് ഇൻഫോ പാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേയ്ക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് വകുപ്പ് സർവ്വീസുകൾ സഹായിക്കുന്നു. ഒരേ സമയം എട്ട് ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ ഉപയോഗിച്ചുള്ള വകുപ്പിന്റെ സർവ്വീസുകൾ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും സഹായകരമാണ്. സംസ്ഥാന ജല ഗതാഗത വകുപ്പ് നിലവിൽ യാത്രാ ബോട്ടുകൾ മാത്രമാണ് നടത്തി വരുന്നത്. ചരക്ക് നീക്കത്തിന് യോജിച്ച വിധത്തിലുള്ള യാനങ്ങളോ , സൗകര്യങ്ങളോ നിലവിൽ വകുപ്പിൽ ലഭ്യമല്ല.

SRD

സെക്ഷൻ ഓഫീസർ